(ഐ) ഈ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയും, സഹായവും ലഭ്യമാക്കുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

22 (*252) ജനകീയ പങ്കാളിത്തത്തോടെയുള്ള ഗ്രാമവികസനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഗ്രാമീണ ജനവിഭാഗങ്ങൾക്കു കുടിവെള്ളം നൽകാനും കക്കൂസ് നിർമ്മിക്കാനും വേണ്ടി തയ്യാറാക്കിയ പദ്ധതി ഏതെല്ലാം ബ്ലോക്കുകളിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളാണോ;

(ഇ) ഇതിനുവേണ്ടി നടത്തിയ സർവ്വേ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഗ്രാമവികസന വകുപ്പു നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ എല്ലാം തന്നെ 1998-99 വർഷം മുതൽ ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനവുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന ശുചിത്വ ആരോഗ്യമിഷൻ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പ്രാരംഭ ദിശയിലാണ്. ബ്ലോക്കുകൾ പ്രത്യേകമായി തെരഞ്ഞെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഗ്രാമവികസന വകുപ്പ് പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലൂടെ നടപ്പാക്കിവരുന്ന എല്ലാ വ്യക്തിഗത പരിപാടികളുടെയും ഗുണഭോക്താക്കളെ ഗ്രാമസഭയുടെ പങ്കാളിത്തത്തോടെയാണ് തെരഞ്ഞെടുക്കുന്നത്.

(ഇ) കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നിവയ്ക്കായി സംസ്ഥാനതലത്തിൽ പ്രത്യേക സർവ്വേ നടത്തിയിട്ടില്ല.

23 (*253) കടലാക്രമണം തടയുവാൻ നടപടി

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണം തടയുവാൻ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇതിനായി കേന്ദ്രത്തിൽനിന്നും വർഷംതോറും എന്ത് തുക യുടെ സഹായം ലഭിക്കുന്നുണ്ട്;

(സി) കടലാക്രമണം തടയുന്നതിന് ആധുനിക സാങ്കേതികവിദ്യ യുടെ സഹായത്തോടെ പുതിയ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിലൂടെ കടലാക്രമണം തടയുന്ന കാര്യത്തിലുണ്ടായ പുരോ ഗതി വിലയിരുത്തിയിട്ടുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കഴിയുന്നവർക്ക് കടലാക്ര മണത്തിൽനിന്നും സംരക്ഷണം നൽകുന്നതിലേക്കായി കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയും, നിലവിലുള്ള കടൽഭിത്തിയുടെ അറ്റ കുറ്റപ്പണികളും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാല വർഷത്തോടനുബന്ധിച്ചുള്ള കടലാക്രമണം ഒരു പരിധിവരെ ചെറുക്കുന്ന തിന് മണൽച്ചാക്കുകൾ, കരിങ്കല്ലുകൾ എന്നിവ തീരദേശത്ത് നിക്ഷേപിക്കു കയും ചെയ്തു വരുന്നു.

(ബി) കടൽഭിത്തി നിർമ്മാണത്തിന് ചെലവാകുന്ന തുക ഇപ്പോൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. കടൽഭിത്തി നിർമ്മാണത്തിന് 1991-92 സാമ്പത്തികവർഷം വരെ കേന്ദ്രസഹായം ലഭിച്ചിരുന്നു. 1991-92 ന് ശേഷം 1995-96 സാമ്പത്തികവർഷം ഒഴികെ നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തികസഹായം ലഭിച്ചിട്ടില്ല. 1995-96 സാമ്പത്തികവർഷത്തിൽ തിരുവന ന്തപുരം, കൊല്ലം, തൃശൂർ എന്നീ ജില്ലകളിൽ അടിയന്തിര തീരസംരക്ഷണ പണികൾക്കുവേണ്ടി 598 ലക്ഷം രൂപ പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരത്തോടു കൂടി കേന്ദ്രസഹായമായി ലഭിച്ചിരുന്നു.

(സി)&(ഡി) കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ പുതുക്കിയ രൂപകൽപ്പന പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിന്റെ തെരഞ്ഞെ ടുത്ത കടൽത്തീരങ്ങളിൽ നിർമ്മിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ കേരള തീര സംരക്ഷണത്തി ലേയ്ക്കായി തയ്യാറാക്കി നിർദ്ദേശിച്ച പുതുക്കിയ രൂപകൽപ്പന പ്രകാരം കൊല്ലം ജില്ലയിൽ ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ ഭാഗത്തും പര വൂർ തെക്കുഭാഗത്തും പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിച്ചുവരുന്നു. ഈ കടൽഭിത്തി നിർമ്മാണം കൂടുതൽ ഫലപ്രദമാണെന്ന് കണ്ടാൽ പുതുക്കിയ രൂപകൽപ്പന പ്രകാരമുള്ള കടൽഭിത്തി നിർമ്മാണം സ്വീകരിക്കുന്നതാണ്.

## 24 (*254) കയറ്റിറക്കു ചട്ടങ്ങൾ നടപ്പിലാക്കാനുള്ള നടപടി

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly